പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കുന്നതിന് നടപടി

76(387) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളാണുള്ളത്;

(ബി) ഇതിലെത്ര സ്റ്റേഷനുകളിലാണ് 8 മണിക്കൂർ ജോലി നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു സർക്കിളിൽ ഒന്ന് വീതമോ ഒരു നിയോജക മണ്ഡലത്തിൽ ഒന്നുവീതമോ ഉള്ള പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 442 ലോക്കൽ പോലീസ് സ്റ്റേഷനുകളാണ് ഉള്ളത്. കൂടാതെ മണ്ണന്തല, മണ്ണഞ്ചേരി, മങ്കട, ചോറ്റാനിക്കര എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഇതിൽ 51 പോലീസ് സ്റ്റേഷനുകൾ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പ്രവർത്തനം

77(389) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഈ സേനയുടെ ഘടനയെ സംബന്ധിച്ചും നിയമനങ്ങളെ സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഇതിലേക്ക് എത്ര പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയെന്നും ഇനി എത്ര പേർക്കുകൂടി ശിപാർശ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തീവ്രവാദ പ്രവർത്തനങ്ങൾ, ദേശീയ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഫലപ്രദമായി നേരിടുക, കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന ഏത് സംഘർഷഭരിതവും, പ്രശ്ന ബാധിതവുമായ പ്രദേശങ്ങളിൽ ജോലി നോക്കുക എന്നിങ്ങനെ അപകടകരവും ജീവഹാനി തന്നെ സംഭവിക്കാവുന്നതും ആയ സാഹചര്യങ്ങളിൽ രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതാണ് ഇൻഡ്യാ റിസർവ് ബറ്റാലിയന്റെ പ്രവർത്തനരീതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-12-2008-ലെ ജി.ഒ (എം.എസ്.) 203/2008/ആഭ്യന്തര നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട താഴെപ്പറയുന്ന 1007 തസ്തികകൾ അടങ്ങിയതാണ് ഈ സേനയുടെ ഘടന.

കമാണ്ടന്റ്	–	1
ഡെപ്യൂട്ടി കമാണ്ടന്റ്	–	3
ഡിവൈഎസ്പി	–	7
ഇൻസ്പെക്ടർ	–	7
സബ് ഇൻസ്പെക്ടർ	–	23
അസി.സബ് ഇൻസ്പെക്ടർ	–	18
ഹെഡ് കോൺസ്റ്റബിൾ	–	160
കോൺസ്റ്റബിൾ	–	675
വാട്ടർ കാരിയർ	–	15
സഫ്പ്പർ	–	15
കുക്ക്	–	24
ഡോബി	–	8
ബാർബർ	–	7
ഹെഡ് ക്ലാർക്ക്	–	1
ക്ലാർക്ക്	–	5
സ്റ്റോറേഗ്രാഫർ	–	1
ഇൻസ്പെക്ടർ(വയർലെസ്)	–	1
സബ് ഇൻസ്പെക്ടർ (വയർലെസ്)	–	2
എച്ച്സി (വയർലെസ്)	–	4
കോൺസ്റ്റബിൾ (വയർലെസ്)	–	26
മെഡിക്കൽ ഓഫീസർ	–	1
ഫാർമസിസ്റ്റ്	–	2
നഴ്സിംഗ് അസിസ്റ്റന്റ്	–	1

പ്രസ്തുത തസ്തികകളിൽ കമാണ്ടന്റ് -1, ഡിവൈ.എസ്.പി-6, ഹെഡ് ക്ലാർക്ക്-1, ക്ലാർക്ക് -2 എന്നിവരെ നിലവിൽ ഈ സേനയിൽ നിയമിച്ചിട്ടുണ്ട്.

ഇന്ത്യാ റിസർവ് ബറ്റാലിയനിൽ റെഗുലർ, കമാണ്ടോ വിഭാഗങ്ങളിലായി യഥാക്രമം 475, 200 എന്നിങ്ങനെ ആകെ 675 പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകളാണ് ഉള്ളത്. ഇതിൽ റെഗുലർ വിഭാഗത്തിലുള്ള 475 തസ്തികയിലേക്കുള്ള പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനം പി.എസ്.സി-യും കമാണ്ടോ വിഭാഗത്തിലേക്കുള്ള 200 പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനം 27-02-2009 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 23/09/ആഭ്യന്തരം പ്രകാരം രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെലക്ഷൻ ബോർഡുമാണ് നടത്തുന്നത്.

(സി) റെഗുലർ വിഭാഗത്തിൽ ഉള്ള ആകെ 475 പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി.-യും കമാണ്ടോ വിഭാഗത്തിൽ ഉള്ള ആകെ 200 പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ സെലക്ഷൻ ബോർഡ് കൺവീനറും നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. അങ്ങനെ ഇൻഡ്യാ റിസർവ് ബറ്റാലിയനിൽ ഉള്ള ആകെ 675 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ നിയമന ശിപാർശ നൽകിയവരിൽ നിന്നും വൈദ്യപരിശോധനയിലും സ്വഭാവ പരിശോധനയിലും യോഗ്യരെന്ന് കണ്ട യഥാക്രമം 381, 180 ഉദ്യോഗാർത്ഥികളെ ഇതുവരെ റെഗുലർ വിഭാഗത്തിലേക്കും കമാണ്ടോ വിഭാഗത്തിലേക്കും പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ വനിതാ കോൺസ്റ്റബിൾമാരുടെ സ്ഥാനക്കയറ്റം

78(370) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ വയനാട് ജില്ലയിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾമാരാണ് സർവ്വീസിൽ പ്രവേശിച്ചത്;

(ബി) ഇവരിൽ എത്ര പേർക്കാണ് പിന്നീട് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ നൽകിയതെന്നും ഏതെല്ലാം തസ്തികകളിലേക്കായിരുന്നു സ്ഥാനക്കയറ്റമെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ 19 വർഷമായി സ്ഥാനക്കയറ്റം ലഭിക്കാതെ എത്ര പേരാണ് ഇപ്പോൾ എൻട്രി കേഡറിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിന് സ്ഥാനക്കയറ്റം നടക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് ശേഷം സർവ്വീസിൽ വന്ന വനിതാ പോലീസുകാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(എഫ്) സ്ഥാനക്കയറ്റം ലഭിക്കാത്ത വിഭാഗത്തിന് പ്രൊമോഷൻ നൽകാൻ നടപടി ആലോചിക്കുമോ?

ഉത്തരം

(എ) 1990 ബാച്ചിൽ നിന്ന് 22 വനിതാ പോലീസ് കോൺസ്റ്റബിൾമാർ 15-3-1991-ൽ വയനാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു.

(ബി) ഇവരിൽ 12 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. സി.ഐ., എസ്.ഐ., എച്ച്.സി. തസ്തികകളിലേക്കായിരുന്നു സ്ഥാനക്കയറ്റം.

(സി) 11 പേർ (ഒന്ന് സൂപ്പർ ന്യൂമററി പോസ്റ്റ്).

(ഡി) ഒഴിവുകൾ ഇല്ലാത്തതിനാൽ.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് വെരിഫിക്കേഷനിലെ കാലതാമസം

79(371) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ആളുകളുടെ നിയമനം അംഗീകരിക്കുന്നതിന് മുൻപായി പോലീസ് വിശദവിവരം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ അന്വേഷണത്തിനായി പോലീസിന് ലഭിക്കുന്ന പ്രൊഫോർമ അന്വേഷണം നടത്തി എത്ര ദിവസത്തിനുള്ളിൽ തിരികെ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള ഹൈക്കോടതി, വകുപ്പ് മേധാവികൾ, ഇതര സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർ പോലീസ് വെരിഫിക്കേഷൻ നടത്തി നൽകുന്നതിന് പോലീസിന് കൈമാറുന്ന പ്രൊഫോർമ യഥാസമയം തിരികെ നൽകാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം കൃത്യമായ റിപ്പോർട്ട് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly